**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 723** **11-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ടൗണിൽ കെ.എസ്.ഇ.ബി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്ന നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. പി. വി. അൻവർ</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നിലമ്പൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരത്തിൽ കെ.എസ്.ഇ.ബി.യുടെ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് അടച്ചതെന്നും അടച്ച തീയതിയും അടച്ച തുകയ്ക്ക് ഏതെല്ലാം സ്ഥലങ്ങളിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളുമാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നും അറിയിക്കാമോ;</td><td>(എ)</td><td>നിലമ്പൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട നിലമ്പൂർ നഗരത്തിൽ കെ.എസ്.ഇ.ബി.- യുടെ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്തു വകുപ്പ് പണം അടച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>മാറ്റിസ്ഥാപിക്കേണ്ട പ്രതിഷ്ഠാപനങ്ങളുടെ വിവരങ്ങൾ</th><th>അടച്ച തുക</th><th>രസീത് നമ്പർ</th><th>തീയ്യതി</th><th>സ്റ്റാറ്റസ്</th></tr>
<tr><td></td><td>N/CN/86, N/CN/87, N/CN/89 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td><td>186389 /-</td><td>65430240229101076 & 65430240229101077</td><td>29-02-2024</td><td>വർക്ക് പൂർത്തീ-കരിച്ചു</td></tr>
<tr><td></td><td>മെട്രോ ബിൽഡിങ്ങിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td><td>105177 /-</td><td>65430240522101048 & 65430240522101049</td><td>22-05-2024</td><td>വർക്ക് നടന്നു വരുന്നു</td></tr>
<tr><td></td><td>നിലംബൂർ വില്ലേജിന് മുൻവശമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td><td>167250 /-</td><td>65430240527101130</td><td>27-05-2024</td><td>വർക്ക് പൂർത്തീ കരിച്ചു</td></tr>
<tr><td>4.</td><td>നിലംബൂർ അർബൻ ബാങ്കിന് മുൻവശമുള്ള 11kv DP സ്ട്രക്ച്ചർ</td><td>88995 /-</td><td>65430240604101046 & 65430240604101047 & 65430240604101048</td><td>04-06-2024</td><td>വർക്ക് ടെൻഡർ ചെയ്യപ്പെട്ടതാണ്</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഭക്തജനങ്ങൾക്കും നാട്ടുകാർക്കും ജീവനു ഭീഷണിയായ നിലമ്പൂർ ചെട്ടിയങ്ങാടി മാരിയമ്മൻ കോവിൽ ദേവീക്ഷേത്രത്തിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങളോ കത്തോ കെ.എസ്.ഇ.ബി.യിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ട്രാൻസ്ഫോർമർ കെ.എസ്.ഇ.ബി.യുടെ സ്വന്തം ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;</td><td>(ബി)</td><td>അപകടാവസ്ഥയിലാണെന്നെന്നു റിപ്പോർട്ട് ചെയ്യപ്പെട്ട നിലംബൂർ ചെട്ടിയങ്ങാടി മാരിയമ്മൻ കോവിൽ ക്ഷേത്രത്തിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നു ആവശ്യപ്പെട്ട 03.05.2024-ൽ കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനായുള്ള നിവേദനം പരിശോധിച്ച് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. സ്ഥലം ലഭ്യമാകുന്ന മുറക്ക് എത്രയും പെട്ടെന്ന് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.</td></tr>
</table>

<table>
<tr>
<td>(സി)</td>
<td>നിലമ്പൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്ക് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഏതെല്ലാം വ്യക്തികളിൽ നിന്നാണ് കെ.എസ്.ഇ.ബി.യിൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നും ഓരോന്നും മാറ്റി സ്ഥാപിക്കുന്നതിന് അടക്കേണ്ട തുക എത്രയെന്നും ഈ തുക അടച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;</td>
<td>(സി)</td>
<td>നിലംബൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട സ്വകാര്യ വ്യക്തിയുടെ വാണിജ്യ ആവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമേറുകളോ അനുബന്ധ പ്രതിഷ്ഠപനങ്ങളോ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ ഇന്നേ വരെ അപേക്ഷ സമർപ്പിക്കപ്പെടുകയോ തുക അടവാക്കുകയോ ചെയ്തിട്ടില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>നിലമ്പൂർ ടൗണിലെ ട്രാൻസ്ഫോർമറുകളും ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പണം അടച്ചിട്ടും കെ.എസ്.ഇ.ബി. ആയത് മാറ്റി സ്ഥാപിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ജീവനക്കാരുടെ അലംഭാവം കാരണം മേൽ പ്രവൃത്തി നീണ്ടുപോകുന്നുണ്ടോ; വിശദമാക്കാമോ?</td>
<td>(ഡി)</td>
<td>നിലംബൂർ ടൗണിൽ ട്രാൻസ്ഫോർമറുകളും ഇലക്ട്രിക്ക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് പണം അടക്കപ്പെട്ട ജോലികളുടെ സ്റ്റാറ്റസ് ചുവടെ ചേർക്കുന്നു.
<table>
<tr><th>പണം അടച്ച തീയതി</th><th>സ്റ്റാറ്റസ്</th></tr>
<tr><td>29-02-2024</td><td>വർക്ക് പൂർത്തീകരിച്ചു</td></tr>
<tr><td>22-05-2024</td><td>പ്രവൃത്തി തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മറ്റു എതിർപ്പുകളൊന്നു മില്ലെങ്കിൽ വർക്ക് പൂർത്തീ കരിക്കുന്നതാണ്.</td></tr>
<tr><td>27-05-2024</td><td>വർക്ക് പൂർത്തീകരിച്ചു</td></tr>
<tr><td>04-06-2024</td><td>വർക്ക് പ്രാരംഭഘട്ടത്തിലാണ്</td></tr>
</table>
ജീവനക്കാരുടെ അലംഭാവം മൂലം പ്രവർത്തിയിൽ കാലതാമസം നേരിട്ടിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ